LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന സാന്ത്വന സ്പർശം അദാലത്തിലേയ്ക്ക് കൊല്ലം ജില്ലയിൽ ആകെ 10504 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അവയിൽ 8445 എണ്ണം തീർപ്പാക്കിയിട്ടുള്ളതുമാണ്. 2059 കേസുകളിൽ നടപടി സ്വീകരിച്ചു വരുന്നു. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

ഇ-സർട്ടിഫിക്കറ്റ്

290(4300) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന ഇ-സർട്ടിഫിക്കറ്റുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സർട്ടിഫിക്കറ്റുകളും അവ അനുവദിക്കുന്നതിനുള്ള സമയപരിധിയും വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അവ ഓരോന്നും അനുവദിക്കുന്നതിനുള്ള സമയപരിധി എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർട്ടിഫിക്കറ്റുകളും അവ അനുവദിക്കുന്നതിനുള്ള സമയപരിധിയും വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

ദേശീയ കുടുംബക്ഷേമ പദ്ധതി

291(4301) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ ഏകവരുമാനദായകൻ മരണപ്പെട്ടാൽ ആശ്രിതർക്ക് ദേശീയകുടുംബക്ഷേമ പദ്ധതി പ്രകാരം എത്ര രൂപയാണ് നൽകുന്നത്?

ഇരുപതിനായിരം രൂപ.

(ബി) ഇതിനായി അപേക്ഷ സമർപ്പിക്കേണ്ട വിധം, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുഖ്യ വരുമാനക്കാരൻ മരണപ്പെട്ട തീയതിക്ക് ശേഷം രണ്ട് മാസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട തഹസീൽദാർക്ക് അപേക്ഷ സമർപ്പിക്കണം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.